"ഭരണഭാഷ – മാതൃഭാഷ"

നം-ഇ2-16539/2015/ഡി.ഐ.എം.എസ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം – 14,

**തീയതി, 07.09.2015**

## അറിയിപ്പ്/നോട്ടീസ്

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് – ജീവനക്കാര്യം - എംപാനൽഡ് ആശുപത്രികളിലെ ബില്ലുകളും ഐ.പികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകളും ചികിത്സാ അഡ്വാൻസ് ബില്ലുകളും കൈകാര്യം ചെയ്യുന്നതിനായി വകുപ്പിൽ നിന്നും വിരമിച്ച പരിചയ സമ്പന്നരായ ക്ലാർക്ക്/ ഫാർമസിസ്റ്റുമാരെ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച അറിയിപ്പ്.

സൂചന :- 1) 22.07.2015-ൽ കൂടിയ ഇ.എസ്.ഐ കേരള സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ രണ്ടാം യോഗത്തിന്റെ തീരുമാനം.

2) 18.08.2015-ലെ ഇ2-16539/2015/ഡി.ഐ.എം.എസ് ഉത്തരവ്

3) 19.08.2015-ലെ ഇ2-16539/2015/ഡി.ഐ.എം.എസ് നമ്പർ അറിയിപ്പ്/നോട്ടീസ്

..................

ഇ.എസ്.ഐയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ബില്ലുകൾ, ഐ.പികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ, ചികിത്സാ അഡ്വാൻസ് ബില്ലുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിന്നും റിട്ടയർ ചെയ്തതും പരിചയസമ്പന്നരുമായ 6 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിയമിക്കുന്നതിലേയ്ക്കായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ക്ലാർക്ക്/ ഫാർമസിസ്റ്റ് തസ്തികകളിൽ നിന്നോ അവയുടെ പ്രൊമോഷൻ തസ്തികകളിൽ നിന്നോ വിരമിച്ചവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല, കൊല്ലം - 1
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഉത്തരമേഖല, കോഴിക്കോട് - 1
3. ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ - 1
4. ഇ.എസ്.ഐ ആശുപത്രി, എറണാകുളം - 1
5. ഇ.എസ്.ഐ ആശുപത്രി, ഫെറോക്ക് - 1
6. ഇ.എസ്.ഐ ആശുപത്രി, തോട്ടട - 1

(മറുപുറം)

താല്പര്യമുള്ളവർ ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിൽ വച്ച് 22.09.2015, 11 മണിയ്ക്ക് നടത്താൻ തീരുമാനിച്ചിരിക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നു.

അഭിമുഖത്തിൽ പങ്കെടുക്കുന്നവർ, തങ്ങളുടെ അപേക്ഷയും ബയോഡേറ്റയും ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ വിവരവും കേരള സർക്കാർ നിരക്കിലുള്ള ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യാൻ തയ്യാറാണെന്നുള്ള സമ്മതപത്രവും ഉൾപ്പെടെ 22.09.2015 രാവിലെ 11 മണിയ്ക്ക് ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് മുമ്പാകെ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്.

ഡോ.എം.ബീനത്ത്,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

പകർപ്പ് -
1) നോട്ടീസ് ബോർഡ്
2) IMS Website (www.imskerala.gov.in)
3) ഗവൺമെന്റ് സെക്രട്ടറി, പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
4) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/
ഉത്തരമേഖല, കോഴിക്കോട്
5) ഡെപ്യൂട്ടി ഡയറക്ടർ (ആയുർവ്വേദം/ഹോമിയോ)
6) എല്ലാ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർക്കും
7) ഡയറക്ടറുടെ സി.എ/ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ
8) ബി2 സെക്ഷൻ
9) ഫയൽ/സ്റ്റോക്ക് ഫയൽ

എസ്കെവി-8.9..15